"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - M/s Sekhar & Jayanthi, Chartered Accountants, Thiruvananthapuram എന്ന സ്ഥാപനത്തിനെ കൊണ്ട് 2021-22 മുതൽ 2023-24 വരെയുള്ള വർഷങ്ങളിലെ പി.എം.എ.വൈ (ജി) പദ്ധതിയുടെ ഓഡിറ്റ് നടത്തുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.1437/2022/LSGD തീയതി,തിരുവനന്തപുരം, 13-06-2022

---

പരാമർശം:- ഗ്രാമ വികസന കമ്മീഷണറുടെ 01/06/2022 ലെ 19264/എച്ച്&റ്റി - 1/16/സിആർഡി നമ്പർ കത്ത്

**ഉത്തരവ്**

പി.എം.എ.വൈ (ജി) പദ്ധതിയുടെ സ്റ്റേറ്റ് ലെവൽ ആഡിറ്റും, ജില്ലാതലത്തിലെ ഓഡിറ്റ് റിപ്പോർട്ടുകളുടെ ക്രോഡീകൃത റിപ്പോർട്ടും 2021-22 മുതൽ 2023-24 വരെ നടത്തുന്നതിന് ഗ്രാമ വികസന കമ്മീഷണർ ക്വട്ടേഷൻ ക്ഷണിച്ചിരുന്നു. ഏറ്റവും കുറഞ്ഞ നിരക്കിന് (31000+GST) ക്വട്ടേഷൻ സമർപ്പിച്ച M/s Sekhar & Jayanthi, Chartered Accountants, Thiruvananthapuram എന്ന സ്ഥാപനവുമായി നെഗോഷിയേഷൻ നടത്തിയതിൽ ടി സ്ഥാപനം 28000+GST ക്ക് മേൽ കാലയളവിലെ പി.എം.എ.വൈ (ജി) യുടെ ഓഡിറ്റ് നടത്തുവാൻ സന്നദ്ധത അറിയിച്ചതായും ടി സ്ഥാപനത്തെ കൊണ്ട് 2021-22 മുതൽ 2023-24 വരെയുള്ള വർഷങ്ങളിൽ ഓഡിറ്റ് നടത്തുന്നതിനുള്ള അനുമതി നൽകണമെന്നും പരാമർശം പ്രകാരം ഗ്രാമ വികസന കമ്മിഷണർ അപേക്ഷിച്ചിട്ടുണ്ട്.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ചാർട്ടേഡ് അക്കൗണ്ടിനെ കൊണ്ട് ഓഡിറ്റ് നടത്തി, ടി ഓഡിറ്റ് റിപ്പോർട്ട് സഹിതം വിനിയോഗ സാക്ഷ്യപത്രം സമർപ്പിച്ചാൽ മാത്രമേ കേന്ദ്ര വിഹിതം ലഭിക്കുകയുള്ളൂ എന്ന സാഹചര്യം പരിഗണിച്ച്, M/s Sekhar & Jayanthi, Chartered Accountants, Thiruvananthapuram എന്ന സ്ഥാപനത്തെ കൊണ്ട് 2021-22 മുതൽ 2023-24 വരെയുള്ള വർഷങ്ങളിലെ പി.എം.എ.വൈ (ജി) പദ്ധതിയുടെ ഓഡിറ്റ് 28000+GST രൂപയ്ക്ക് നടത്തുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഷൈജ സി ജി

ഡെപ്യൂട്ടിസെക്രട്ടറി

പകർപ്പ്: ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം

വെബ് & ന്യൂ മീഡിയ, ഐ&പിആർഡി

ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

**Signed by Nisam N**

**Date: 13-06-2022 14:49:45**

സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി